# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വാളകം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെഎസ്എ-ഇകെഎം (പി 14)2321/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 21.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
വാളകം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :- വാളകം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാളകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും ഭാഗം 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3. കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 14)2321/2018 തീയതി : 21.12.2018

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

.എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 03.06.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടിയും എക്സിറ്റ് മീറ്റിംഗിലെ ചർച്ചകൾക്കും ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ജയ.സി.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 05.11.2018 മുതൽ<br>16.11.18 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. ഡി. ജിനിൽ റോയ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജലജ.എം.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.സി.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനീഷ്. ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|

| | | | |
|---|---|---|---|
| പ്രസിഡൻറ് | ശ്രീമതി. ലീല ബാബു | 01.04.2017 | 31.03.18 |
| വൈസ് പ്രസിഡന്റ് | ശ്രീ. എൽദോ ഉലഹന്നാൻ | 01.04.2017 | 31.03.18 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| ചെയർമാൻ | ശ്രീ. പി. എ. രാജു | 01.04.2017 | 31.03.18 |
| ചെയർപേഴ്സൺ | ശ്രീമതി. സുജാത സതീശൻ | 01.04.2017 | 31.03.18 |
| ചെയർപേഴ്സൺ | ശ്രീമതി. ഷീല മത്തായി | 01.04.2017 | 31.03.18 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി. എം. എം. സുബൈദ | 01.04.17 | 31.03.18 |
| അസി. സെക്രട്ടറി | ശ്രീമതി. സാലിമ്മ തോമസ് | 01.04.17 | 19.09.17 |
| | ശ്രീമതി. സി. സുബിത നായർ | 20.09.17 | 31.03.18 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എസ്.എൽ ആര്യശ്രീ | 01.04.17 | 08.06.17 |
| | ശ്രീമതി.ജാസ്മിൻ തോമസ് | 09.06.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.എ.എ.ജയൻ | 01.04.17 | 31.07.17 |
| | ഡോ.ശ്രീലേഖ ദിവാകർ | 01.08.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബീന വർഗീസ് | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കെ.എൻ.മഞ്ജുള | 01.04.17 | 31.03.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സി.ഡി സൂസമ്മ | 01.04.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (വാളകം ഈസ്റ്റ്) | ശ്രീമതി.എസ് സ്മിത | 01.04.17 | 19.06.17 |
| | ശ്രീ.ജിനോ സി.ജോൺ | 20.06.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (വാളകം വെസ്റ്റ്) | ശ്രീമതി.നീതു.കെ വിദ്യാൻ | 01.04.17 | 31.10.17 |
| | ശ്രീ. മുഹമ്മദ് സാലിഹ് | 01.11.17 | 31.03.18 |
| ഹെഡ് മിസ്ട്രസ് ജിയുപിഎസ് മേക്കടമ്പ് | ശ്രീമതി.സി.എ റംലത്ത് | 01.04.17 | 23.05.17 |
| | ശ്രീമതി.സി.കെ നബീസ | 24.05.17 | 31.03.18 |
| വെറ്റിനറി സർജൻ | ഡോ.ഷാജി പൗലോസ് | 01.04.17 | 07.12.17 |
| | ഡോ.സോമോൾ എബ്രഹാം | 08.12.17 | 31.03.18 |
| അസി. എഞ്ചിനീയർ | ശ്രീ. സാം മാത്യൂ സാബു | 01.04.17 | 31.03.18 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പൗലോസ് | 01.04.17 | 31.05.17 |
| | ശ്രീ. ഫ്രാൻസിസ് ജോൺ | 01.06.17 | 20.06.17 |
| | ശ്രീമതി. അഞ്ചു കുര്യൻ | 21.06.17 | 24.07.17 |
| | ശ്രീമതി. മറീന പോൾ | 25.07.17 | 31.03.18 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകത | 1-12 |
| | ഭാഗം 2 | |
| 13 | ചാരിറ്റബിൾ ട്രസ്റ്റ് -ചട്ടലംഘനമില്ലെന്ന് ഉറപ്പ് വരുത്തണം | 2-1 |
| 14 | മാലിന്യ സംസ്കരണം - സർക്കാർ ഉത്തരവ് നടപ്പാക്കണം | 2-2 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു | 2-3 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ | 2-4 |
| | ഭാഗം- 3 | |
| 17 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി -നികുതി ഈടാക്കിയില്ല - നഷ്ടം 9325 രൂപ | 3-1 |
| 18 | വൈറ്റ് വാഷിംഗ് - 4216രൂപ അധികം നൽകി | 3-2 |
| 19 | കരാറുകാരനിൽ നിന്നും നിയമാനുസൃതമായ TDS ആയി ഈടാക്കിയിട്ടില്ല | 3-3 |
| 20 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 3-4 |
| 21 | കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല | 3-5 |
| 22 | സെന്റേജ് ചാർജ് - അധിക നിരക്കിൽ നൽകി | 3-6 |
| 23 | സി എഫ് എൽ ഗുണനിലവാരം ഉറപ്പ് വരുത്തണം | 3-7 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം | 3-8 |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം | 3-9 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.1 |
| 37 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 01.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2017-18 | 27.06.18, 28.06.18 | കെഎസ്എ-ഇകെഎം (പിജി) 1786 (77) /18, 30.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4424147.20 |
| വരവ് | 57610671.00 |

| | |
|---|---|
| ആകെ | 62034818.20 |
| ചെലവ് | 56418367.00 |
| നീക്കിയിരിപ്പ് | 5616451.20 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവാ ക്കാത്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | | 9907000 | 9907000 | 9712996 | 0 | 194004 |
| വികസന ഫണ്ട് (എസ്.സി.പി) | | 1819888 | 1819888 | 1296500 | 0 | 523388 |
| വികസന ഫണ്ട് (ടി.എസ്.പി) | | 93961 | 93961 | 93961 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | | 23153000 | 23153000 | 21023886 | 0 | 2129114 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | | 2591000 | 2591000 | 2538538 | 0 | 52462 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 4652867 | 4652867 | 4652867 | 0 | 4652867 |
| സാക്ഷരതാ ഫണ്ട് | 194115 | 793 | 194908 | 177209 | 17699 | |
| ദുരിതാശ്വാസ നിധി | 1382 | 1617 | 2999 | 10 | 2989 | |
| എം.ജി.എൻ ആർ.ഇ.ജി.എസ്-അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 44621 | 1087892 | 1132513 | 1130631 | 1882 | |
| എം.ജി.എൻ.ആർ ഇ.ജി.എസ്-കൂലിച്ചെലവ് | 0 | 8945452 | 8945452 | 8945452 | 0 | |
| ശുചിത്വമിഷൻ | 0 | 2187670 | 2187670 | 186648 | 201022 | |
| സാനിറ്റേഷൻ | 242280 | 325000 | 567280 | 129893 | 437387 | |
| ഐസിഡിഎസ് | 736099 | 453388 | 1189487 | 976242 | 213245 | |
| വിമുക്തി | 25000 | 12500 | 37500 | 37500 | 0 | |
| നബാർഡ് | 129698 | 0 | 129698 | 0 | 129698 | |
| ജോയിന്റ് വെഞ്ചർ-ജില്ലാ പഞ്ചായത്ത് (ട്രഷറി) | 346861 | 0 | 346861 | 0 | 346861 | |
| ബി ഫണ്ട് | 0 | 27807640 | 27807640 | 27807640 | 0 | |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 1363410 | 6455000 | 7818410 | 7934901 | (116491) | |
| തനത് ഫണ്ട് (ബാങ്ക്) | 1197758.20 | 22765505 | 23963263.20 | 19581104 | 4382159.20 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 55012731 | 102 | 41140643 | 13 | 3 | 86.44 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 44621 | 1087892 | 1132513 | 1130631 | 1882 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8945452 | 8945452 | 8945452 | 0 |
| ആകെ | 44621 | 10033344 | 10077965 | 10076083 | 1882 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15840 | 27 |
| കർഷക തൊഴിലാളി പെൻഷൻ | 6813800 | 633 |
| വിധവാപെൻഷൻ | 6431200 | 570 |
| വാർദ്ധക്യകാല പെൻഷൻ | 11904700 | 1157 |
| ശാരീരികവും, മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2232100 | 200 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 350000 | 41 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 08.11.2018ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19665/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. നികുതി പിരിവുകളിലെ പുരോഗതി അഭിനന്ദനീയമാണ്.
2. രജിസ്റ്ററുകളുടെയും, ഫയലുകളുടേയും സൂക്ഷിപ്പ് തൃപ്തികരമാണ്.
3. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളുടെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
4. ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.08.2018 | 07/2018 | 31.08.2018 |
| അക്കൗണ്ടന്റ് ജനറൽ | 06.06.2016 | 2011-12, 2012-13, 2013-14, 2014-15, 2015-16. | 18.08.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളിലെ അപാകതകൾ 03.07.18 തീയതിയിൽ പുറപ്പെടുവിച്ച കെഎസ്എ-ഇകെഎം(പിജി)1786(77)/2018 നമ്പർ പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചാരിറ്റബിൾ ട്രസ്റ്റ് -ചട്ടലംഘനമില്ലെന്ന് ഉറപ്പ് വരുത്തണം

ഗ്രാമ പഞ്ചായത്തിന്റെ 10.10.2017 ലെ 8-ാം നമ്പർ തീരുമാന പ്രകാരം വാളകം ഗ്രാമപഞ്ചായത്തിന്റെ പേരിൽ ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.ട്രസ്റ്റ് രൂപീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 12.11.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 14.11.2018 ൽ മറുപടി സമർപ്പിച്ചു. ആയതു കൂടി പരിഗണിച്ചാണ് താഴെ പറയുന്ന പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ട്രസ്റ്റിന്റെ ഫയൽ പരിശോധനക്ക് ലഭ്യമാക്കണമെന്ന് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.പഞ്ചായത്തുമായി ട്രസ്റ്റിന് ബന്ധമില്ല എന്നും രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നും അറിയിച്ചു. പഞ്ചായത്തുമായി ട്രസ്റ്റിന് ബന്ധമില്ല എന്നാണ് അറിയിച്ചതെങ്കിലും വാളകം ഗ്രാമ പഞ്ചായത്ത് ചാരിറ്റബിൾ ട്രസ്റ്റ് എന്നാണ് ട്രസ്റ്റിന് പേര് നൽകിയിട്ടുള്ളത്. കൂടാതെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നം. 8(1) പ്രകാരം എഗ്രിമെന്റ് വെക്കുന്നതിനും, 8(2) പ്രകാരം വാളകം എസ് ബി ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിനും, 8(3) പ്രകാരം ട്രസ്റ്റിന്റെ ബാധ്യതയും ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.
2. ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിക്കാനുണ്ടായ കാരണം, ട്രസ്റ്റിന്റെ നിലവിലെ അവസ്ഥ, രജിസ്ട്രേഷൻ വിവരം, ട്രസ്റ്റിലെ അംഗങ്ങളുടെ വിവരം എന്നിവയും ലഭ്യമാക്കിയില്ല.കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 177 പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും, അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടതും അവശ്യമെങ്കിൽ ട്രസ്റ്റിന്റെ പേര് മുതലായവയിൽ മാറ്റം വരുത്തേണ്ടതും പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥ ലംഘിക്കപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2 മാലിന്യ സംസ്കരണം - സർക്കാർ ഉത്തരവ് നടപ്പാക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.2017 ൽ സ.ഉ. (സാധാ)2511/2017 ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഉത്തരവിന്റെ നടപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 7.11.2018 ൽ ഓഡിറ്റ് എൻക്വയറി ( നം 3) നൽകി. ആയതിന് ലഭിച്ച 09.11.18-ലെ മറുപടി പരിഗണിച്ചാണ് താഴെ പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി -പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്തംബർ 15 ന് മുമ്പായി സജ്ജീകരിക്കണം. ഇപ്രകാരം ചെയ്യുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി അറിയിക്കണമെന്നാവശ്യപ്പെട്ടതിന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി.സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഫീസ് ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കണം. എന്നാൽ ഇപ്രകാരമുള്ള

നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

3. ഉത്തരവ് പ്രകാരം 2017 സെപ്തംബർ 15 നകം മാലിന്യ സംസ്കരണ നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 -ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങൾ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്താൻ നിഷ്കർഷിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവ് പ്രകാരം വാളകം ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്.

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/15.11.18) ബന്ധപ്പെട്ട നികുതികൾ അടുത്ത സാമ്പത്തിക വർഷം മുതൽ പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ, അവയുടേയും നികുതി

പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ

1. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള V/506 നം കടമുറി 2016-17 സാമ്പത്തിക വർഷത്തിൽ ഒഴിവായി കിടക്കുകയായിരുന്നു. ഈ കടമുറി ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
2. നിലവിലുള്ള വാടകയുടെ 5% വർദ്ധിപ്പിച്ച് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ നിലവിലുള്ള കുത്തകക്കാർക്ക് തന്നെ പുതുക്കി നൽകാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18/03/17 തിയതിയിലെ 13(1)-ാം നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ, ഇപ്രകാരം പുതുക്കി നൽകിയപ്പോൾ ലീല പദ്മനാഭൻ (കെട്ടിട നം. V/495) എന്ന കുത്തകക്കാരിയുമായി നിയമാനുസൃതമായി കരാർ ചമച്ചില്ല.

ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 16/15.11.18) നൽകിയ മറുപടിയിൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ലേലം ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി -നികുതി ഈടാക്കിയില്ല-നഷ്ടം 9325 രൂപ

പഞ്ചായത്ത് 2017- 18 ൽ നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി എന്ന പ്രൊജക്ടിന്റെ ബില്ലിൽ നിന്ന് നിയമാനുസൃതമുള്ള നികുതികൾ ഈടാക്കിയില്ല.

പ്രോജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0048/2018 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ശ്രീ.എൽദോസ് മാത്യു, ഊന്നുകൽ (ടെസ്ല ഏജൻസീസ്) എന്നയാളെയാണ് തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണിക്ക് തിരഞ്ഞെടുത്തത്. തുക നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 1 | 139/2018, ടെസ്ല ഏജൻസീസ് | 169980 | 19,20/23.1.2018, 27/27.3.2018. ഓൺ ലൈൻ ട്രാൻസാക്ഷൻ 31.3.2018 |
| 2 | 138/2018, ടെസ്ല ഏജൻസീസ് | 55608 | |
| 3 | 137, ടെസ്ല ഏജൻസീസ് | 85232 | |
| ആകെ | | 310820 | |

സ്ഥാപനത്തിന്റെ ബില്ലിൽ നിന്ന് ആദായ നികുതി നിയമത്തിലെ 194 J പ്രകാരം ഈടാക്കേണ്ട 2% ആദായ നികുതിയും കൂടാതെ നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതവും(1%) ഈടാക്കി അടവാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 5.11.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2) 13.11.2018 ൽ നൽകിയ മറുപടിയിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. 9325/- രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

## 3-2 വൈറ്റ് വാഷിംഗ് - 4216/- രൂപ അധികം നൽകി

പഞ്ചായത്തിലെ വാർഡ് 9 ലെ 32 -ാം നമ്പർ അംഗൻവാടി കെട്ടിടം 2017-18 ൽ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ വൈറ്റ് വാഷിംഗിന് പഴയ കെട്ടിടത്തിന്റെ വൈറ്റ് വാഷിംഗ് നിരക്കിന് പകരം പുതിയ കെട്ടിടത്തിന്റെ വൈറ്റ് വാഷിംഗ് നിരക്ക് നൽകിയതിനാൽ 4216/- രൂപയുടെ അധിക ചെലവുണ്ടായി. പ്രോജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0020/2018 |
| പ്രോജക്ടിന്റെ പേര് | വാർഡ് 9 ലെ 32 -ാം നമ്പർ അംഗൻവാടി അറ്റകുറ്റപ്പണി |
| അടങ്കൽ, ഫണ്ടിനം | 50000 - റോഡിതരം |
| ചെലവ് | 49943 |
| എം ബുക്ക് നമ്പർ | 774/16-17 |
| ട്രഷറി ബിൽ നമ്പർ | 25/19.01.2018 |
| കൺവീനർ | സോളി മാത്യു |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: എഞ്ചിനീയർ |

അധിക നിരക്ക് നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| എം. ബുക്ക് പേജ് നമ്പർ | ചെയ്ത അളവ് | നൽകിയ നിരക്ക് (കോഡ്നം. 13.37.1) കോസ്റ്റ് ഇൻഡക്സ് 49.02 | നൽകിയ തുക | നൽകാവുന്ന നിരക്ക് (കോഡ് നം.14.42.1) | അനുവദ നീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 17 | 432.378 എം സ്ക്വയർ | 24.03 | 10390.04 | 14.28 | 6174 | 4216 |

കരാറുകാരന് അധികം നൽകിയ 4216/- രൂപ തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

## 3-3 കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി TDS ആയി ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് |
| പ്രോജക്ട് നം. | S0019/18 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 442425/-(പദ്ധതിവിഹിതം) 255000/-(തനത് ഫണ്ട്) |
| ചെലവ് | 442425/-(പദ്ധതിവിഹിതം) 230610/-(തനത് ഫണ്ട്) ബിൽ നം.3/17-18, തീ.09.02.18 |

1961ലെ ഇൻകം ടാക്സ് ആക്ട്, വകുപ്പ് 194c പ്രകാരം 100000/- രൂപക്ക് മുകളിലുള്ള ട്രാൻസ്പോർട്ട് കരാറുകളിൽ വ്യക്തികളുടെ പ്രതിഫലത്തിൽ നിന്ന് 1% നിരക്കിലും, PAN രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ 20% നിരക്കിലും ആദായ നികുതി TDS ആയി ഈടാക്കേണ്ടതാണ്. എന്നാൽ, വാളകം ഗ്രാമപഞ്ചായത്തിന്റെ സ്നേഹസദനം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്ക് കുട്ടികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും ദിവസവാടകയ്ക്ക് ശ്രീ.റ്റി.എൻ. ജോയി, തെക്കേതൊട്ടിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള KL17N-9969-നം.വാഹനം കരാറടിസ്ഥാനത്തിൽ എടുത്തിട്ടുണ്ട്. വാഹനവാടകയായി തൻവർഷം 230610 /-രൂപ നൽകിയിട്ടുള്ളതാണ്. വിശദാംശം താഴെ പ്രത്യേകം ചേർക്കുന്നു.

| മാസം | ജോലി ചെയ്ത ദിവസങ്ങൾ*കൂലി | നൽകിയ തുക |
|---|---|---|
| മാർച്ച് 2017 | 24*790 (മുൻക്വട്ടേഷൻ പ്രകാരം) | 18,960/-(തനത്ഫണ്ട്) |

| | | |
|---|---|---|
| ഏപ്രിൽ 2017 | 9 *850 | 7,650/- ,, |
| മെയ് 2017 | 23*850 | 19,550/- ,, |
| ജൂൺ 2017 | 21*850 | 17,850/- ,, |
| ജൂലൈ 2017 | 25*850 | 21,250/- ,, |
| ഓഗസ്റ്റ് 2017 | 24*850 | 20,400/- ,, |
| സെപ്റ്റംബർ 2017 | 12*850 | 10,200/- ,, |
| ഒക്ടോബർ 2017 | 21*850 | 17,850/- ,, |
| നവംബർ 2017 | 25*850 | 21,250/- ,, |
| ഡിസംബർ 2017 | 20*850 | 17,000/- ,, |
| ജനുവരി 2018 | 23*850 | 19,550/- ,, |
| ഫെബ്രുവരി 2018 | 22*850 | 18,700/- ,, |
| മാർച്ച് 2018 | 24*850 | 20,400/- ,, |
| | ആകെ | 2,30,610/- |

എന്നാൽ, ടിയാനിൽ നിന്നും നിയമാനുസൃതമായ TDS ആയി ഈടാക്കിയിട്ടില്ല. ടിയാളിൽനിന്നും 2306/- രൂപ ആദായനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

| | |
|---|---|
| പ്രോജക്ട് | 8, 9, 10 ക്ലാസുകളിലെ എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| പ്രോജക്ട് നം. | S0078/18 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്,ഗവണ്മെന്റ് എൽ.പി.എസ്. മേക്കടമ്പ്. |
| അടങ്കൽ | 46,000/- |
| ചെലവ് | 44500/-(പദ്ധതിവിഹിതം) ബിൽ നം.3/17-18, തീ.09.02.18 |

മേൽ പദ്ധതി പ്രകാരം 5 പെൺകുട്ടികൾക്കും 2 ആൺകുട്ടികൾക്കുമാണ് സൈക്കിൾ നൽകിയത്. പെൺകുട്ടികളുടെ സൈക്കിളിന് 32500/- രൂപയും (സൈക്കിൾ ഒന്നിന് 6500/-രൂപ) ആൺകുട്ടികളുടെ സൈക്കിളിന് 12000/- രൂപയും (സൈക്കിൾ ഒന്നിന് 6000/-രൂപ) ആണ് നൽകിയിരിക്കുന്നത്. എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ

താഴെ പറയുന്ന

(1) ആര്യ സുനിൽ ,നെടുമലയിൽ, കുന്നയ്ക്കാൽ, (പെൺകുട്ടി)

(2) യദുവർണ വി.എസ്.,വെങ്ങാട്ട്,മേക്കടമ്പ്, (പെൺകുട്ടി)

(3) ധർമ്മ.എൻ., കിഴക്കേ വെളിയത്ത് (ആൺകുട്ടി) എന്നീ കുട്ടികൾ ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണെന്നതിന് യാതൊരു രേഖയും ഫയലിൽ ലഭ്യമായില്ല. ആയവ ഹാജരാക്കാൻ ആവശ്യപ്പെട്ടുനൽകിയ 13.11.18-ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ കുട്ടികൾ കൈപ്പറ്റിയ ആനുകൂല്യമായ 19,000/-രൂപ (6500/-*2+6000/- *1-19000/-) തടസ്സപ്പെടുത്തുന്നു.

## 3-5 കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പ്രദേശത്തെ ആകെ റോഡുകളുടെ സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതും പദ്ധതികൾ തയ്യാറാക്കുമ്പോൾ പഞ്ചായത്തിനെ ആകെ ഒരു യൂണിറ്റായി കണ്ട് റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. റോഡ് പ്രവൃത്തികൾ വിഭാവനം ചെയ്യുന്നതും നിർവ്വഹണം നടത്തുന്നതും കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ അല്ലാത്തതിനാൽ പദ്ധതികളുടെ ഒരു തുടർച്ച സാദ്ധ്യമാകുന്നില്ല. റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലും അളവ് ബുക്കിലും ചെയിനേജ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ മുൻവർഷങ്ങളിൽ നടത്തിയ റോഡ് പ്രവൃത്തികളുടെ തുടർച്ച സാദ്ധ്യമല്ലാതാകുന്നു. പഞ്ചായത്ത് 2017-18 ൽ റോഡ് മാപ്പ് തയ്യാറാക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും (നം. 108) ആയത് നടപ്പാക്കിയിട്ടില്ല. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 സെന്റേജ് ചാർജ് - അധിക നിരക്കിൽ നൽകി

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം ബാധകമായ സെന്റേജ് ചാർജ് 10% ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് 12.5% നിരക്കിലാണ് സെന്റേജ് ചാർജ് നൽകിയിരിക്കുന്നത്. പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ /പേര് | പ്രോജക്റ്റ് കോസ്റ്റ്, ചെലവ് വിവരം | നൽകിയ സെന്റേജ് ചാർജ് | നൽകാവുന്ന സെന്റേജ് ചാർജ് | അധികം |
|---|---|---|---|---|---|
| 1 | S 0054/18 അംഗൻവാടി നമ്പർ 37 ന് വാട്ടർ കണക്ഷൻ,ആവണം കോട്ടമ്പലം - പീച്ചമ്പിള്ളിത്താഴം റോഡ് പൈപ്പ് ലൈൻ | 200000 /- ധനകാര്യ കമ്മീഷൻ ഗ്രാന്റ്. ബിൽ നമ്പർ 58/ 10.11.2017 | 18856 | 15085 | 3771 |

| | | | | | |
|---|---|---|---|---|---|
| 2 | S 0122/18 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 290100 ധനകാര്യ കമ്മീഷൻ ഗ്രാന്റ്. ബിൽ നമ്പർ164/ 7.3.2017 | 32021 | 25617 | 6404 |
| ആകെ | | | | | 10175 |

കേരള പി.ഡബ്ല്യ.ഡി മാന്വൽ 1601.4 പ്രകാരം സെന്റേജ് ചാർജ് 12.5% ൽ 2.5% ശതമാനം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചാർജ് ഈടാക്കേണ്ടതില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സെന്റേജ് ചാർജ് 10% ആണ്. 2016-17 ൽ സെന്റേജ് ചാർജ് അധികം നൽകിയത് സംബന്ധിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റിക്ക് 9.10.2017 ൽ സി - 2923/2016 പ്രകാരം കത്ത് നൽകി. ആയതിന് വാട്ടർ അതോറിറ്റി 27.10.2017 ന് നൽകിയ എ2-2341/09 നമ്പർ മറുപടിയിൽ വാട്ടർ അതോറിറ്റി കേന്ദ്ര കാര്യാലയത്തിന്റെ ഉത്തരവ് പ്രകാരമാണ് സെന്റേജ് ചാർജ് നൽകുന്നതെന്നും ഈ വിഷയം കേന്ദ്ര കാര്യാലയത്തിൽ അറിയിക്കുന്നതാണെന്നും ആയതിന്റെ മറുപടി ലഭിക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു.ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കണമെന്നാവശ്യപ്പെട്ട് 5.11.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1) 13.11.2018 -ൽ നൽകിയ മറുപടിയിൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 സി എഫ് എൽ ഗുണനിലവാരം ഉറപ്പ് വരുത്തണം

ഗ്രാമ പഞ്ചായത്ത് 2017-18 വർഷം വിവിധ വാർഡുകളിൽ സി.എഫ് ലാമ്പുകൾ സ്ഥാപിച്ചു. എന്നാൽ സി.എഫ് ലാമ്പുകൾ സ്ഥാപിച്ച ഉടനെ കേടുവന്നു. പ്രോജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0059/2018 |
| പ്രോജക്ടിന്റെ പേര് | ഓട്ടോമാറ്റിക്ക് സി.എഫ് ലാമ്പുകളുടെ വാങ്ങലും സ്ഥാപിക്കലും |
| അടങ്കൽ,ഫണ്ടിനം | 315000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിന്റെ 19.09.2017 -ലെ സി3-2923/16 നമ്പർ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ എഡിസൺ ഇലക്ട്രോണിക്സ് തിരുവാങ്കുളത്തിനെയാണ് 30.10.2017 -ലെ

3(1), 3(2) കമ്മറ്റി തീരുമാനങ്ങൾ പ്രകാരം തിരഞ്ഞെടുത്തത്. ആയതിന്റെ അടിസ്ഥാനത്തിൽ നവമ്പർ 2017 ൽ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുകയും 249 സി.എഫ് ലാമ്പുകൾ വിതരണം ചെയ്യുകയും ചെയ്തു. ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നമ്പർ | B2C-38/19.12.2017 |
| തുക | 314985 |
| ട്രഷറി ബിൽ നമ്പർ | 22/8.3.2018 |
| വിതരണം ചെയ്ത വാർഡുകൾ | 1)2,4,5,6,7,9,10,11,12,13,14 – 18 എണ്ണം വീതം<br>2) 1,8,9 -17 എണ്ണം വീതം |

സി.എഫ് ലാമ്പുകൾ സ്ഥാപിച്ച ഉടനെ കേട്ട വന്നതിനാൽ കേടുപാടുകൾ പരിഹരിക്കുകയോ, മാറ്റി സ്ഥാപിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് കരാറുകാർക്ക് 27.04.2018 -ൽ സി 3/4739/18 പ്രകാരം കത്ത് നൽകി. എഡിസൺ ഇലക്ട്രോണിക്സ് സമർപ്പിച്ച ടെണ്ടർ പ്രകാരവും, എഗ്രിമെന്റ് വ്യവസ്ഥ പ്രകാരവും 18 മാസം ഉപകരണങ്ങൾക്ക് വാറന്റി ഉണ്ട്. സ്ഥാപിച്ച ഉടനെ ലാമ്പുകൾ കേടുവരികയും കേടുപാടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് 27.04.2018 -ൽ സി 3/4739/18 പ്രകാരം കത്ത് നൽകുകയും ചെയ്തു. ലാമ്പുകൾ കേടുവന്നത് സംബന്ധിച്ച് 07.11.2018 -ൽ ഓഡിറ്റ് എൻക്വയറി നൽകി (നം. 4) ആയതിന് 14.11.2018 -ൽ സമർപ്പിച്ച മറുപടിയിൽ കനത്ത മഴക്കാലത്ത് സ്ഥാപിച്ചതിനാലാണ് ലാമ്പുകൾ കേടുവന്നത് എന്നും കേടുവന്ന ലാമ്പുകൾ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട് എന്നും അറിയിച്ചു. സി.എഫ് ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 പൊതുടാപ്പുകളുടെ വെള്ളക്കരം

വാളകം ഗ്രാമപഞ്ചായത്ത് 279 പൊതുടാപ്പുകളുടെ വെള്ളക്കരം ആയി 122063/- രൂപ വീതം പ്രതിമാസം വാട്ടർ അതോറിറ്റിയിൽ അടച്ചുവരുന്നതായി വെള്ളക്കരം അടവിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. തൻവർഷം ആകെ 14,64,756/- രൂപ ഈയിനത്തിൽ ചെലവുവന്നിട്ടുണ്ട്. ഈ 279 ടാപ്പുകളും ഇപ്പോൾ ഉപയോഗയോഗ്യമാണോ എന്ന് വ്യക്തമല്ല. 20.04.2018 ലെ 23-ാം അജണ്ട, 1-ാം നം. തീരുമാനപ്രകാരം പഞ്ചായത്തിലെ ചില കോളനികളിലും ലക്ഷംവീടുകളിലും ഉള്ള 13 ടാപ്പുകൾ ഒഴികെ ബാക്കിയുള്ള മുഴുവൻ ടാപ്പുകളും പൂട്ടുന്നതിന് മൂവാറ്റുപുഴ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചുകണ്ടില്ല.

പഞ്ചായത്തിൽ ഇപ്പോൾ പ്രോജക്ട് വച്ച് ധാരാളം ഗാർഹികകുടിവെള്ള കണക്ഷൻ വർഷം തോറും നൽകിവരുന്നതിനാൽ ഇത്രയധികം പൊതുടാപ്പുകൾ നിലനിർത്തേണ്ട ആവശ്യമില്ല എന്ന് മേൽ തീരുമാനത്തിൽ നിന്ന് വ്യക്തമാണ്. അതിനാൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഒരു സംയുക്തപരിശോധന നടത്തി അത്യാവശ്യമുള്ള ടാപ്പുകൾ നിലനിർത്തിക്കൊണ്ട് ഉപയോഗയോഗ്യമല്ലാത്തതും ആവശ്യമില്ലാത്തതുമായ ടാപ്പുകൾ ഒഴിവാക്കാൻ പഞ്ചായത്തും ഭരണസമിതിയും ഒത്തുചേർന്ന് എത്രയും പെട്ടെന്ന്

നടപടി സ്വീകരിക്കേണ്ടതാണ്. തൻമൂലം ഒരേ ആവശ്യത്തിന് രണ്ടുവകയിലുള്ള പണനഷ്ടം ഒഴിവാക്കാവുന്നതാണ്.

## 3-9 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വാട്ടർ അതോറിറ്റിയിൽ തൻവർഷം നിക്ഷേപിച്ച 5,01,100/- രൂപ ഉൾപ്പെടെ 14,74,100/-രൂപയും അവശേഷിക്കുന്നു. 2017-18 വാർഷിക ധനകാര്യ പത്രികയുടെ ട്രയൽ ബാലൻസിൽ ടി തുക അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം താഴെ

| തുക കൈപ്പറ്റിയ സ്ഥാപനം | മുന്നിരിപ്പ് | ഉദ്ദേശ്യം | തൻവർഷ നിക്ഷേപം തുക | ആകെ |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 9,73,000/- | വാട്ടർ കണക്ഷൻ – പൈപ്പ് ലൈൻ നീട്ടൽ | 5,01,100 | 14,74,100 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം | 2017-18 | 5,00,000 | അങ്കൻവാടി പോഷകാഹാരം | 4,88,121 | 11,879 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസിയുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർനം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 37-ാം നമ്പർ അങ്കണവാടിക്ക് വാട്ടർ കണക്ഷൻ | - | 200000 | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | വൈദ്യശാലപ്പടി സാംസ്കാരിക നിലയം വാട്ടർ കണക്ഷൻ | - | 11000 | 11000 | 0 |
| കെ.ഡബ്ല്യൂ.എ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | | 290137 | 290100 | 37 |
| ആകെ | | | 501137 | 501100 | 37 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി | സ.ഉ.നം. 530/2010 /ത.സ്വ.ഭ.വ. 18.02.10 | 3924152 | 768149 | 100000 | 0 | 668149 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

.പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01, 2001-02 | 3-1, 3-12 | 2005-06 | 2.51.3 | കുടിവെള്ള പരിപാലനം | C3-646 / 30.10.15 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |
| 1995-96 | 7 | 2006-07 | 3.46.1 | മണൽ ലേലത്തുക അടവ് | C/2738 /2010/25.9.14 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57610671.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56418367.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15847/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,000/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 4216 | സാം മാത്യു സാബു, അസി. എഞ്ചിനീയർ |
| ആകെ | | 4216 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 19000 | നബീസ റ്റി.കെ, ഹെഡ്മിസ്ട്രസ്, മേക്കടമ്പ് |
| ആകെ | 19000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9325 | എം.എം.സുബൈദ, സെക്രട്ടറി |
| 3-3 | 2306 | സൂസമ്മ സി.ഡി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എം. സുബൈദ, സെക്രട്ടറി | സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത് | മണലോടിപുത്തൻപുര, പുതുപ്പാടി പി.ഒ, എറണാകുളം |
| സാം മാത്യു സാബു, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | തെന്നിപ്പിള്ളിൽ, പൈങ്ങരപ്പിള്ളി പി.ഒ, തുരുത്തിക്കര, |
| സൂസമ്മ സി ഡി, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, വാഴക്കുളം ഗ്രാമപഞ്ചായത്ത് | കുരളാട്ടിൽ, മൂലമറ്റം (പി.ഒ) ഇടുക്കി |
| നബീസ സി.കെ, ഹെഡ്മിസ്ട്രസ്, മേക്കടമ്പ് | ഹെഡ്മിസ്ട്രസ്, മേക്കടമ്പ് എൽ.പി സ്കൂൾ | കോട്ടക്കുഴിയിൽ ഹൗസ്, പുതുപ്പാടി (പി.ഒ), മൂവാറ്റുപുഴ, 686673 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | എൽ.എഫ്.ഇ ഇ(പി 4)938/84, തീ. 03.04.98 | |
| 1988-89 | എൽ എഫ് ഇ ഇ(പി 4)1498/91, തീ. 14.05.91 | |
| 1998-99 | എൽ എഫ് ഇ ഇ(പി 5)1185/03, തീ. 05.12.03 | 5 |
| 1999-00 | എൽ എഫ് ഇ ഇ(പി 5)421/05, തീ. 10.08.05 | 12 |
| 2000-01 | എൽഎഫ്ഇ(പി5)36/2002 തീ. 5.2.2002 | 42 |
| 2001-02 (വരവ്-ചെലവ്) | എൽഎഫ്ഇ(പി5)829/2006 തീ. 5.3.2007 | 3 |
| 2001-02 (പദ്ധതി) | (പി 5)1186/03 dt.5.12.03 | 9 |
| 2002-03 | എൽ എഫ് ഇ ഇ(പി 5)830/06, തീ. 05.03.07 | 3 |
| 2003-04 | എൽ എഫ് ഇ ഇ(പി 5)1457/08. തീ. 17.03.09 | 8 |
| 2004-05 | എൽ എഫ് ഇ ഇ(പി 5)1457/08, തീ. 17.03.09 | 13 |
| 2005-06 | എൽ എഫ് ഇ ഇ(പി 5)1456/08, തീ. 17.03.09 | 14 |
| 2006-07 | എൽ എഫ് ഇ ഇ(പി 5)1730/07, തീ. 13.12.07 | 23 |
| 2007-08 | എൽ. എഫ്. ഇ. ഇ(പി 5)401/09, തീ. 14.01.10 | 34 |
| 2009-10 | എൽ.എഫ്.ഇ(പി8)552/12 തീ. 3.5.2012 | 21 |
| 2008-09 2010-11 2011-12 | കെ.എസ്.എ-ഇ.കെ.എം. (പി14)1563/16 തീ.8.5.2017 | 9 |
| 2012-13 , 2013-14 | കെ.എസ്.എ-ഇ.കെ.എം(പി13)1871/2015 തീ. 16.03.16 | 9 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി14)1309/2016 തീ.20.4.2017 | 6 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 4) 44/17, തീ. 25.01.17 | 11 |

| | | |
|---|---|---|
| | | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി14)1908/17, തീ. 23.05.2018 | 7 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാളകം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

### 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വാടക കുടിശ്ശിക ഇനത്തിൽ 104452/- രൂപ കിട്ടുവാൻ അവശേഷിക്കുന്നുണ്ടെങ്കിലും B-15 ഷെഡ്യൂളിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല
4. SBT sand a/cലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 39816/- രൂപയും, പാസ്ബുക്ക് പ്രകാരം 42701.50 രൂപയുമാണ്. റിക്കൺസീലീയേഷൻ സ്റ്റേറ്റ്മെന്റിൽ " directly debited by bank " ഇനത്തിൽ 22392/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമല്ല.
5. പഞ്ചായത്ത് നൽകിയിട്ടുള്ളതും, മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ "liability in respect of stale cheque" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ